ഉത്തരം

(എ) കുര്യാർകുറ്റി-കാരാപ്പാറ കേസുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീ. എം.പി. ദിനേശ് ഒരു പ്രാവശ്യം ഡൽഹിയിൽ പോയിട്ടുണ്ട്. ഇതിനായി 21,185/- രൂപ സർക്കാരിന് ചെലവായിട്ടുണ്ട്.

(ബി) ഈ കേസിന്റെ നടത്തിപ്പിലേക്കായി ശ്രീ. പി. കെ. ഹരിദാസിനെ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിട്ടുണ്ട്. പതിനയ്യായിരം രൂപ പ്രിപ്പറേഷൻ ഫീസും ഓരോ സിറ്റിംഗിനും 1000 രൂപ വീതം ഫീസും അനുവദനീയമായ ക്ഷാമബത്തയും യാത്രാബത്തയും നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്

(സി) 15000 രൂപ സ്പെഷ്യൽ പ്രോസിക്യൂട്ടർക്ക് പ്രിപ്പറേഷൻ ചാർജ്ജായി നൽകിയിട്ടുണ്ട്.

കെ. അറുമുഖത്തിനെതിരെ വിജിലൻസ് കേസ്

32(1500)ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇറിഗേഷൻ വകുപ്പിൽ മെക്കാനിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ കം-ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായ ശ്രീ. കെ. അറുമുഖത്തിനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടോ; എങ്കിൽ എത്ര വിജിലൻസ് കേസ് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിജിലൻസ് കേസുമായി ബന്ധപ്പെട്ട് സ്വത്തുവിവര പട്ടിക സമർപ്പിക്കാൻ ഡിപ്പാർട്ടുമെന്റ് പ്രസ്തുത ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഉദ്യോഗസ്ഥൻ നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി ചട്ടങ്ങളുടെ ലംഘനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഓഫീസിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുംവിധം ഈ ഉദ്യോഗസ്ഥൻ പ്രവർത്തിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇറിഗേഷൻ വകുപ്പിൽ മെക്കാനിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ-കം-ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായ ശ്രീ. അറുമുഖത്തിനെതിരെ ഒരു വിജിലൻസ് കേസ് നിലവിലുണ്ട്.

(ബി) സ്പെഷ്യൽ ലാന്റ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് ഫോറം ശ്രീ. അറുമുഖത്തിന് അയച്ചുകൊടുക്കുകയും പ്രസ്താവന സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഏത് കാലയളവുമുതൽ ഏതു വരെയാണ് സ്പെഷ്യൽ ലാന്റ് പ്രോപ്പർട്ടി സ്റ്റേറ്റുമെന്റ് കൊടുക്കേണ്ടത് എന്ന ശ്രീ. അറുമുഖത്തിന്റെ സംശയത്തിന്റെ അടിസ്ഥാനത്തിൽ 1979 മുതൽ 1998 വരെയുള്ള കാലയളവിലെ സ്റ്റേറ്റുമെന്റാണ് നൽകേണ്ടത് എന്ന് ചീഫ് എഞ്ചിനീയർ വിശദീകരണം നൽകിയിരുന്നുവെങ്കിലും ടിയാൻ സ്റ്റേറ്റുമെന്റ് നൽകിയിട്ടില്ല എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ ടിയാനെതിരെ യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആഫീസിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുംവിധം ശ്രീ. അറുമുഖം പ്രവർത്തിക്കുന്നതായി മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ, ഇറിഗേഷനും ഭരണവും വിഭാഗം ചീഫ് എഞ്ചിനീയറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അറുമുഖത്തിനെ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ വിളിച്ചു വരുത്തി ആഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് എല്ലാ വിഭാഗം ജീവനക്കാരുമായി സഹകരിച്ചു പ്രവർത്തിക്കുവാൻ വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പി.എസ്.സി.യെ മറികടന്ന് നേരിട്ട് നിയമനം

33 (1501)പ്രൊഫ. എ. വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഫെബ്രുവരി 20-ാം തീയതി വരെ എത്ര ജീവനക്കാർ പെൻഷനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പി.എസ്.സി. മുഖേന എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(സി) പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുള്ള തസ്തികകളിൽ പി. എസ്.സി. വഴിയല്ലാതെ ''ഡെയ്‌ലി വേജസിൽ'' നേരിട്ട് നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന സർക്കാർ വകുപ്പുകളിൽ പി.എസ്.സി. യെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മറികടന്നുകൊണ്ട് നേരിട്ട് നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സംസ്ഥാന സർക്കാരിന്റെ വൻതുക ഷെയറായും, ഗ്രാന്റായും, ലോണായും വാങ്ങിച്ചിട്ടുള്ള സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലും കോർപ്പറേഷനുകളിലും നേരിട്ട് നിയമനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(എഫ്) വിവരം ശേഖരിച്ചു വരുന്നു.

പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

34 (1502) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പി.എസ്.സി.യുടെ സംസ്ഥാന ഓഫീസിലും ജില്ലാ ഓഫീസുകളിലും കെട്ടിക്കിടക്കുന്ന ഫയലുകളിൽ അടിയന്തിരമായി തീർപ്പുകല്പിക്കാൻ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly